സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

329 (333) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്ത് നടത്തിയ സ്കൂൾ ബസ്സുകളുടെ വാഹന പരിശോധനയിൽ എത്ര സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂൾ ബസ്സുകളിൽ കുട്ടികളെ കയറ്റി യാത്ര ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ 38 സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിരുന്നു.

(ബി) എല്ലാ അദ്ധ്യയന വർഷവും തുടങ്ങുന്നതിനു മുൻപ് ജില്ലാതലത്തിലും താലൂക്കുതലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ മോട്ടോർ വാഹനവകുപ്പ് പരിശോധിക്കാറുണ്ട്. പരിശോധനയിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് തീർന്നതായി കാണപ്പെടുന്ന സ്കൂൾ വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇവ ഫിറ്റ്നസ്സ് ഇല്ലാതെ ഓടുന്നില്ലായെന്ന് ഉറപ്പുവരുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തണമെന്ന നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സ്കൂൾ അധികാരികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സും, സെമിനാറുകളും മോട്ടോർ വാഹന വകുപ്പ് സംഘടിപ്പിക്കാറുണ്ട്. പാലിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലൂടെ പത്രക്കുറിപ്പുകൾ നൽകാറുണ്ട്.

ബസ്സുകളിലെ സീറ്റ് റിസർവേഷൻ

330 (334) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ നിലവിലുള്ള സീറ്റ് റിസർവേഷൻ സംവിധാനത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ മുതിർന്ന പൗരന്മാർക്കായി 20% സീറ്റുകളും, അംഗ പരിമിതർക്കായി 5% (അതായത് രണ്ട്) സീറ്റുകളും, സ്ത്രീകൾക്കായി 25% സീറ്റുകളും, അന്ധർക്കായി ഒരു സീറ്റും (2.5%), 3 വയസ്സിന് താഴെ പ്രായമുള്ള കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി 5% സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്.

(ബി) സീറ്റ് റിസർവേഷൻ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ&മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച മെമ്മോറാണ്ടങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ ഷെഡ്യൂളുകൾ

331 (335) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പ്രവർത്തിക്കുന്ന ഷെഡ്യൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എല്ലാ ഷെഡ്യൂളുകളും കൃത്യമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൂർണ്ണമായി പ്രവർത്തിക്കുന്നതിനുള്ള പോരായ്മകൾ വിശദമാക്കുമോ ; ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര ഡിപ്പോയിൽ നിന്നും 3 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും, 12 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 28 ഓർഡിനറി സർവ്വീസുകളും നിലവിൽ ഓപ്പറേറ്റ് ചെയ്യുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബസ്സുകളുടെ അഭാവവും ഡ്രൈവർമാരുടെ കുറവും ഷെഡ്യൂളുകളുടെ പൂർണ്ണമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നിലവിലെ ഷെഡ്യൂൾ അനുസരിച്ച് 28 ഡ്രൈവർമാരുടെയും, 8 ബസ്സുകളുടെയും (3 ഫാസ്റ്റ് പാസഞ്ചർ, 5 ഓർഡിനറി) കുറവ് അനുഭവപ്പെടുന്നുണ്ട്. കൂടുതൽ ബസ് തയ്യാറാകുന്ന മുറയ്ക്ക് ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ബസ്സുകൾക്കാനുപാതികമായി സ്റ്റാഫിനെ നിയമിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.